# 2 ആശയങ്ങളും ആദ്യകാല രാഷ്ട്രങ്ങളും

*'സിദ്ധാർഥൻ രാജവീഥിയിലൂടെ രഥത്തിൽ സഞ്ചരിക്കുമ്പോൾ, തീർത്തും അവശനായ ഒരു വൃദ്ധനെ കണ്ടു; അല്പം കഴിഞ്ഞപ്പോൾ ഗുരുതരമായ രോഗം ബാധിച്ച് വിറയ്ക്കുന്ന ഒരു മനുഷ്യനെയും കാണുകയുണ്ടായി. അതുകഴിഞ്ഞപ്പോൾ, വെള്ളത്തുണി പുതപ്പിച്ച് ചുടുകാട്ടിലേക്ക് വിലപിച്ചുകൊണ്ട് ആളുകൾ ചുമലിലേറ്റിക്കൊണ്ടു പോകുന്ന ഒരു ശവശരീരവും കണ്ടു. വേദനാജനകമായ ഈ കാഴ്ചകൾക്കുശേഷം അദ്ദേഹം തെരുവിൽ ഭിക്ഷയെടുക്കുന്ന ഒരു സന്യാസിയെ കാണുകയുണ്ടായി. ഭൗതികദുഃഖങ്ങളൊന്നും ഇല്ലാതെ ശാന്തനായും സന്തോഷത്തോടെയും കാണപ്പെട്ട ഈ സന്യാസി സിദ്ധാർഥനെ ആകർഷിച്ചു. ഇതാണ് അദ്ദേഹത്തെ ശാന്തിയും സമാധാനവും നേടാനുള്ള മാർഗം സന്യാസമാണെന്ന തീരുമാനത്തിലെത്തിച്ചത്.'*

*എ.എൽ.ബാഷാം, ദി വണ്ടർ ദാറ്റ് വാസ് ഇന്ത്യ*
*(രൂപ & കമ്പനി, 1981)*

ബി.സി.ഇ 6-ാം നൂറ്റാണ്ടിൽ ഇന്ത്യയിൽ ജീവിച്ചിരുന്ന തത്വചിന്തകനായ ഗൗതമബുദ്ധന്റെ ജീവിതവുമായി ബന്ധപ്പെട്ട ഒരു സംഭവകഥയാണിത്. രാജകുമാരനായി സമ്പന്നതയിലും സുഖലോലുപതയിലും ജീവിച്ചിട്ടും സന്തോഷം ലഭിക്കാതിരുന്ന സിദ്ധാർഥന്റെ ജീവിതത്തിൽ വഴിത്തിരിവുണ്ടാക്കിയ സംഭവമാണ് ഇതിൽ വിവരിക്കുന്നത്. തന്റെ ചുറ്റുപാടുമുള്ള മനുഷ്യരുടെ ദുഃഖങ്ങളുടെ കാരണം അന്വേഷിച്ച് സന്യാസം സ്വീകരിച്ച സിദ്ധാർഥൻ ജ്ഞാനോദയം നേടി പിൽക്കാലത്ത് ഗൗതമബുദ്ധൻ എന്നറിയപ്പെട്ടു.

ബി.സി.ഇ. 6-ാം നൂറ്റാണ്ട് ലോകചരിത്രത്തിലെ ശ്രദ്ധേയമായ കാലഘട്ട മായിരുന്നു. ഇന്ത്യയിൽ വർധമാന മഹാവീരൻ, ഗൗതമബുദ്ധൻ, ഇറാനിൽ സരതുഷ്ട്ര, ചൈനയിൽ കൺഫ്യൂഷ്യസ്, ഗ്രീസിൽ ഹെറാക്ലിറ്റസ് തുടങ്ങിയവർ പുതിയ ആശയങ്ങൾ പ്രചരിപ്പിച്ച കാലമായിരുന്നു ഇത്. ലോകത്തിലാകമാനം സാമ്പത്തിക-രാഷ്ട്രീയ രംഗങ്ങളിലും മാറ്റങ്ങൾ പ്രത്യക്ഷപ്പെട്ട ഈ കാലഘട്ട ത്തിൽ പുതിയ രാഷ്ട്രസംവിധാനങ്ങളും നിലവിൽ വന്നു. അത്തരം മാറ്റങ്ങളെ ക്കുറിച്ചാണ് ഈ അധ്യായത്തിൽ നാം ചർച്ചചെയ്യുന്നത്.

## ഗംഗാതടത്തിലെ ആശയവിപ്ലവം



ആദ്യകാല ഇരുമ്പുപകരണങ്ങൾ

ബി.സി.ഇ. ആറാം നൂറ്റാണ്ടിൽ ഇന്ത്യയിൽ പുതിയ ആശയങ്ങൾ രൂപംകൊണ്ടത് പ്രധാനമായും ഗംഗാ തടത്തിലായിരുന്നു. നവീനാശയങ്ങളുടെ വളർച്ചയിൽ ഗംഗാതടത്തിലെ ഭൗതികസാഹചര്യങ്ങൾ പ്രധാന പങ്കുവഹിച്ചു. ഈ ഭൗതികസാഹചര്യങ്ങളെ രൂപപ്പെടു ത്തിയത് ചുവടെപ്പറയുന്ന ഘടകങ്ങളായിരുന്നു.

- ഇരുമ്പുപകരണങ്ങളുടെ വ്യാപക ഉപയോഗം
- കാർഷികോൽപാദന വർധനവ്
- കച്ചവടം, നഗരങ്ങൾ എന്നിവയുടെ വളർച്ച

ബി.സി.ഇ. ആറാം നൂറ്റാണ്ടോടെ കൃഷിയെയും കന്നുകാ ലികളെയും ആശ്രയിച്ചുള്ള ഒരു സാമൂഹിക-സാമ്പത്തിക വ്യവസ്ഥ ഗംഗാതടത്തിൽ ഉയർന്നുവന്നു. ഇത് യാഗ ങ്ങൾക്കും മൃഗബലിക്കും പ്രാമുഖ്യം നൽകിയിരുന്ന വേദകാല ആചാരവുമായി പൊരുത്തപ്പെട്ടതായിരുന്നില്ല. യാഗങ്ങളുടെ ഭാഗമായി കന്നുകാലികളെ വ്യാപകമായി ബലികൊടു ക്കുന്നത്, അവയെ ആശ്രയിച്ചുള്ള കൃഷിയെ പ്രതികൂല മായി ബാധിച്ചു. വേദകാല ആചാരങ്ങൾക്കെതിരെ ചിന്തി ക്കാൻ ഇത് പ്രേരണയായി.

വ്യാപാരപുരോഗതിയിലൂടെ മെച്ചപ്പെട്ട ഭൗതികസാഹചര്യം കൈവന്ന വൈശ്യർ അതിനിണങ്ങുന്ന തരത്തിലുള്ള ഉയർന്ന സാമൂഹികസ്ഥാനം ആഗ്രഹിച്ചിരുന്നു.

ഇക്കാലത്ത് വർണ്ണവ്യവസ്ഥയ്ക്ക് പുറത്തും ചില വിഭാഗങ്ങൾ ഉയർന്നുവന്നു. ഇവയിൽ പ്രധാനപ്പെട്ടവരായിരുന്നു ധനാഢ്യരായ ഗഹപതികൾ. കച്ചവടം തൊഴിലാക്കിയ ഇവർ ഭൂമി കൈവശം വച്ചിരുന്നു. ഇത്തരത്തിൽ സാമ്പത്തിക മായി ഉയർന്നശ്രേണിയിൽ നിന്നിരുന്ന ഇവർ മെച്ചപ്പെട്ട സാമൂഹിക സ്ഥാനം നേടി. ഈ സാമൂഹികപശ്ചാത്തലത്തിലാണ് പുതിയ ആശയധാരകൾ ഉയർന്നുവന്നത്. ഇത്തരം ആശയധാരകളിൽ പ്രധാനപ്പെട്ടവയായിരുന്നു ജൈന-ബുദ്ധമത ദർശനങ്ങൾ. വൈശ്യർ, ഗഹപതികൾ തുടങ്ങിയവരുടെ പിന്തുണ ഈ ആശയങ്ങൾക്ക് ലഭിച്ചിരുന്നു.


ബി.സി.ഇ. ആറാം നൂറ്റാണ്ടിൽ കാർഷിക സമ്പദ്‌വ്യവസ്ഥ ശക്തിപ്പെട്ടത് പുതിയ ആശയങ്ങളുടെ ആവിർഭാവത്തിന് പശ്ചാത്തലം ഒരുക്കിയത് എങ്ങനെ? ചർച്ചചെയ്യുക.

## ജൈനമതം


വർധമാന മഹാവീരൻ ബീഹാറിലെ വൈശാലിക്ക് സമീപമുള്ള കുന്ദലഗ്രാമത്തിലാണ് ജനിച്ചത്. ജൈനമത വിശ്വാസ പ്രകാരം 24-ാമത്തെ തീർഥങ്കരനാണ് വർധമാന മഹാവീരൻ.

### തീർഥങ്കരന്മാർ

'സന്യാസത്തിലൂടെ ജ്ഞാനം നേടിയവൻ' എന്നാണ് 'തീർഥങ്കരൻ' എന്ന വാക്കിനർഥം. ജൈനമത വിശ്വാസപ്രകാരം 24 തീർഥങ്കരന്മാരുണ്ട്. അതിൽ ഋഷഭദേവനാണ് ഒന്നാമത്തെ തീർഥങ്കരൻ. 23-ാമത്തെ തീർഥങ്കരൻ പാർശ്വനാഥൻ ആയിരുന്നു. വർധമാന മഹാവീരൻ 24-ാമത്തെ (അവസാനത്തെയും) തീർഥങ്കരനാണ്. പാർശ്വനാഥന്റെ ആശയങ്ങളോട് തന്റെ തത്വങ്ങൾ കൂട്ടിച്ചേർത്താണ് മഹാവീരൻ ജൈനമത ആശയങ്ങൾ പ്രചരിപ്പിച്ചത്.



മഥുരയിൽ നിന്നും ലഭിച്ച തീർഥങ്കരന്റെ പ്രതിമ



**ജൈനമത ആശയങ്ങൾ**

- ലോകത്തിലെ എല്ലാ വസ്തുക്കൾക്കും ജീവനുണ്ട്
- ജീവനുള്ള ഒന്നിനെയും ഉപദ്രവിക്കരുത്
- ജന്മവും പുനർജന്മവും നിശ്ചയിക്കപ്പെടുന്നത് കർമ്മത്തിന്റെ അടിസ്ഥാനത്തിലാണ്

വേദങ്ങളുടെ ആധികാരികതയെ തള്ളിപ്പറഞ്ഞ മഹാവീരൻ മോക്ഷപ്രാപ്തിക്കായി മൂന്നു തത്വങ്ങൾ മുന്നോട്ടുവച്ചു. ശരിയായ വിശ്വാസം, ശരിയായ അറിവ്, ശരിയായ പ്രവൃത്തി എന്നിവയായിരുന്നു അവ. ഇത് 'ത്രിരത്നങ്ങൾ' എന്നറിയപ്പെടുന്നു. പ്രാകൃത് ഭാഷകളിലാണ് മഹാവീരൻ തന്റെ ആശയങ്ങൾ ജനങ്ങളുമായി പങ്കുവച്ചത്. ജൈനമതപ്രകാരം സന്യാസിമാരും സന്യാസിനികളും അഞ്ചുവ്രതങ്ങൾ അനുഷ്ഠിക്കണമായിരുന്നു. ഒന്നിനെയും കൊല്ലരുത്, മോഷ്ടിക്കരുത്, കള്ളം പറയരുത്, ബ്രഹ്മചര്യം അനുഷ്ഠിക്കുക, സ്വത്ത് കൈവശം വയ്ക്കാതിരിക്കുക എന്നിവയായിരുന്നു അവ. പിൽക്കാലത്ത് ജൈനമതത്തിൽ ശ്വേതംബരന്മാർ, ദിഗംബരന്മാർ എന്നീ രണ്ടുവിഭാഗങ്ങൾ രൂപപ്പെട്ടു. ജൈനമതം ഊന്നൽ നൽകിയ അഹിംസ എന്ന തത്വം ഇന്ത്യൻ തത്വചിന്തയെ സ്വാധീനിച്ചിട്ടുണ്ട്.

### കേരളവും ജൈനമതവും

ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ പ്രചരിച്ച ജൈനമതം കേരളത്തിലും പ്രചാരത്തിലുണ്ടായിരുന്നു. വയനാട് കേരളത്തിലെ പ്രധാനപ്പെട്ട ജൈനമതകേന്ദ്രമായിരുന്നു. ജൈനമതശേഷിപ്പുകളായ ക്ഷേത്രങ്ങൾ ഇപ്പോഴും ഇവിടെ നിലനിൽക്കുന്നുണ്ട്.



വയനാട്ടിലെ ജൈനമതക്ഷേത്രം

## ദുഃഖങ്ങളുടെ കാരണം തേടിയ ഗൗതമബുദ്ധൻ

ദിഘനികായയിൽ ശ്രീബുദ്ധന്റെ ദൈർഘ്യമേറിയ പ്രഭാഷണങ്ങളിൽ മുപ്പത്തി ഒന്നാമത്തെ സൂക്തത്തിൽ ബുദ്ധമതത്തിൽ പുതുതായി ചേർന്ന യുവാവിനോട് ശ്രീബുദ്ധൻ പറയുന്നത് ഇപ്രകാരമാണ്:


കുടുംബജീവിതത്തിൽ പുരുഷനും സ്ത്രീയും പരസ്പര ആദരവോടെ ജീവിക്കേണ്ടതും രണ്ടുപേരും തങ്ങളുടേതായ ചുമതലകൾ കൃത്യമായി നിർവഹിക്കേണ്ടതുമുണ്ട്. ഇതു കൂടാതെ തൊഴിലുടമകൾ തങ്ങളുടെ സേവകരോടും തൊഴിലാളികളോടും മര്യാദയോടെ പെരുമാറണം. അവരുടെ ശാരീരികക്ഷമതയിലും കൂടുതൽ ഭാരമുള്ള ജോലികൾ അവരെക്കൊണ്ട് ചെയ്യിക്കരുത്. അവർക്ക് ആവശ്യമായ ആഹാരവും ന്യായമായ കൂലിയും നൽകണം. ശാരീരിക മാനസിക അവശതകളിൽ അവരെ സംരക്ഷിക്കണം. തൊഴിലാളികളാവട്ടെ, അവരുടെ ന്യായമായ വേതനത്തിൽ തൃപ്തരായി നന്നായി ജോലിചെയ്യണം. തങ്ങളുടെ തൊഴിലുടമയുടെ അന്തസ്സ് നിലനിർത്തണം.

ബുദ്ധന്റെ ഉപദേശങ്ങളും തത്വങ്ങളും വളരെ ലളിതവും പ്രായോഗികവുമായിരുന്നു. വേദങ്ങളെയും യാഗങ്ങളെയും ജാതിവ്യവസ്ഥയെയും അദ്ദേഹം നിരാകരിച്ചു. ഗംഗാതടത്തിലെ പുതിയ സാഹചര്യങ്ങൾക്ക് ഇണങ്ങുന്നതായിരുന്നു അദ്ദേഹം മുന്നോട്ടുവച്ച 'അഹിംസ' എന്ന ആശയം. കാർഷികവൃത്തിയിൽ കൃഷിക്കായി നിലമൊരുക്കാനും കച്ചവടവസ്തുക്കൾ കൊണ്ടുപോകാനും കന്നുകാലികൾ ആവശ്യമായിരുന്നു. എന്നാൽ യാഗങ്ങളിൽ കന്നുകാലികളെ വ്യാപകമായി ബലിനൽകിയത്, കൃഷിയെയും ചരക്കുനീക്കത്തെയും പ്രതികൂലമായി ബാധിച്ചു. യാഗങ്ങൾക്കെതിരായ അദ്ദേഹത്തിന്റെ നിലപാട് കാർഷികവൃത്തിയിൽ ഏർപ്പെട്ടവരെ ആകർഷിച്ചു. സാധാരണക്കാരന്റെ ഭാഷയായിരുന്ന പാലിയിൽ ആണ് ബുദ്ധൻ തന്റെ ആശയങ്ങൾ പ്രചരിപ്പിച്ചത്.

ബുദ്ധന്റെ ജീവിതത്തിലെ സുപ്രധാന സംഭവങ്ങളാണ് ചുവടെ നൽകിയിരിക്കുന്നത്. ഇതിനെ അടിസ്ഥാനമാക്കി ഒരു ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക. കൂടുതൽ വിവരങ്ങൾ സ്കൂൾ ലൈബ്രറിയിൽ നിന്ന് ശേഖരിക്കുക.



മഥുരയിൽ നിന്നും ലഭിച്ച ബുദ്ധ പ്രതിമ (സി.ഇ.ഒന്നാം നൂറ്റാണ്ട്)




### അഷ്ടാംഗമാർഗം

- ശരിയായ വീക്ഷണം
- ശരിയായ ചിന്ത
- ശരിയായ വാക്ക്
- ശരിയായ പ്രവൃത്തി
- ശരിയായ ജീവിതം
- ശരിയായ പരിശ്രമം
- ശരിയായ സ്മരണ
- ശരിയായ ധ്യാനം

അഷ്ടാംഗമാർഗം മധ്യമാർഗം എന്നും അറിയപ്പെട്ടു.

### മധ്യമാർഗം

ഒരു വ്യക്തി കഠിനമായ സന്യാസം സ്വീകരിക്കുന്നതിനെ ബുദ്ധൻ വിലക്കുന്നു. അതുപോലെ ആർഭാട ജീവിതം നയിക്കുന്നതിനെയും ബുദ്ധൻ നിരാകരിക്കുന്നു. രണ്ടിനും ഇടയിലുള്ള മധ്യ മാർഗത്തെയാണ് ബുദ്ധൻ നിർദേശിക്കുന്നത്.

## ബുദ്ധന്റെ തത്വങ്ങൾ

- ജീവിതം ദുഃഖമയമാണ്
- ആശയാണ് ദുഃഖത്തിന് കാരണം
- ആശയെ നശിപ്പിച്ചാൽ ദുഃഖം ഇല്ലാതാകും
- ഇതിന് അഷ്ടാംഗമാർഗം അനുഷ്ഠിക്കണം

## സ്തൂപങ്ങൾ

ബുദ്ധന്റെ ഭൗതിക അവശിഷ്ടങ്ങളോ ബുദ്ധൻ ഉപയോഗിച്ച വസ്തുക്കളോ അടക്കംചെയ്ത സ്ഥലങ്ങളിൽ നിർമ്മിക്കുന്ന കെട്ടിടങ്ങളാണ് സ്തൂപങ്ങൾ. അർധവൃത്താകൃതിയിലാണ് ഇവ നിർമ്മിച്ചിരിക്കുന്നത്. കൊത്തുപണികളാൽ സമ്പന്നമാണ് സ്തൂപങ്ങൾ. സാഞ്ചി, സാരനാഥ് എന്നിവിടങ്ങളിലെ സ്തൂപങ്ങൾ പ്രസിദ്ധമാണ്.

ബുദ്ധമത പ്രചരണത്തിനായി സന്യാസിമാരുടെ 'സംഘ'ങ്ങൾ രൂപീകരിച്ചിരുന്നു. ജാതി-ലിംഗ പരിഗണനകളൊന്നും കൂടാതെ എല്ലാവരെയും സംഘത്തിൽ ഉൾപ്പെടുത്തി. സംഘത്തിലെ സ്ത്രീകൾ 'ഭിക്ഷുണികൾ' എന്നും പുരുഷന്മാർ 'ഭിക്ഷുക്കൾ' എന്നുമാണ് അറിയപ്പെട്ടത്.

ചർച്ചകളിലൂടെയും ഭൂരിപക്ഷ അഭിപ്രായത്തിലൂടെയും ആയിരുന്നു സംഘങ്ങളിൽ തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നത്.



മധ്യപ്രദേശിലെ സാഞ്ചിസ്തൂപം

"നദികൾ ഒഴുകി സമുദ്രത്തിൽ എത്തുന്നതോടെ ഒന്നാവുകയും അവയുടെ പേരുകൾ നഷ്ടമാവുകയും ചെയ്യുന്നത് പോലെ ഒരാൾ ബുദ്ധസന്യാസി സംഘത്തിൽ അംഗമാകുന്നതോടെ അയാളുടെ ജാതിയും പദവിയും കുടുംബവും മറക്കുന്നു" എന്നാണ് സന്യാസിസംഘത്തെപ്പറ്റി ബുദ്ധൻ പറഞ്ഞത്.

പിൽക്കാലത്ത് ബുദ്ധമതം മഹായാനം, ഹീനയാനം എന്നിങ്ങനെ രണ്ടായി പിരിഞ്ഞു. മഹായാനക്കാർ ബുദ്ധനെ ദൈവമായി ആരാധിച്ചു. ബുദ്ധമതം ഇന്ത്യയുടെ സംസ്കാരത്തിന് നിരവധി സംഭാവനകൾ നൽകിയിട്ടുണ്ട്. 'ബുദ്ധമത സംഘത്തിന്റെ' പ്രവർത്തന രീതി സമൂഹത്തിൽ ജനാധിപത്യബോധവും മൂല്യബോധവും വളർത്തുന്നതിന് സഹായകമായി.

## ലോകം ഇന്ത്യയെ അറിയുന്നു

പ്രാചീനലോകം ഇന്ത്യയെ തിരിച്ചറിയുന്നത് ബുദ്ധമതത്തിലൂടെയാണ്. ചൈന, ജപ്പാൻ, ബർമ്മ, ടിബറ്റ്, അഫ്ഗാനിസ്ഥാൻ, തെക്കുകിഴക്കൻ ഏഷ്യ, ശ്രീലങ്ക തുടങ്ങിയ പ്രദേശങ്ങളിൽ ബുദ്ധമതം പ്രചരിച്ചു.

ബുദ്ധമത സന്യാസിസംഘങ്ങളുടെ പ്രവർത്തനങ്ങൾ ജനാധിപത്യരീതിയിൽ ഉള്ളതായിരുന്നുവോ? വിലയിരുത്തുക.



ഉത്തർപ്രദേശിലെ സാരനാഥ് സ്തൂപം

## കേരളവും ബുദ്ധമതവും

ബുദ്ധവിശ്വാസങ്ങൾ കേരളത്തിലും പ്രചാരത്തിലുണ്ടായിരുന്നു. പുരാതന തമിഴ് കൃതിയായ, 'മണിമേഖല'യിലെ നായികയായ മണിമേഖല ബുദ്ധമതം സ്വീകരിക്കുന്നതായാണ് പറയുന്നത്. കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്ന് ബുദ്ധപ്രതിമകളും മറ്റ് ചില ശേഷിപ്പുകളും ലഭിച്ചിട്ടുണ്ട്. മലയാളത്തിലെ ചില വാക്കുകളും സ്ഥലനാമങ്ങളും ബുദ്ധമതസ്വാധീനത്തെ സൂചിപ്പിക്കുന്നതാണ്.

ബി.സി.ഇ. 6-ാം നൂറ്റാണ്ടിൽ നിലനിന്ന സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങളോട് ബുദ്ധൻ എങ്ങനെയാണ് പ്രതികരിച്ചത്? ചർച്ചചെയ്യുക.

**സൂചനകൾ**

- വേദ ആചാരങ്ങൾ
- വർണ്ണവ്യവസ്ഥ
- സ്ത്രീകളുടെ പദവി

ബുദ്ധനും മഹാവീരനും മുന്നോട്ടുവച്ച പൊതു ആശയങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.

## ഭൗതികവാദം

വ്യത്യസ്ത ആശയധാരകൾ ഉയർന്നുവന്നതാണ് പ്രാചീനകാലം മുതലുള്ള ഇന്ത്യൻ സംസ്കാരത്തിന്റെ പ്രധാന പ്രത്യേകത. ബി.സി.ഇ. ആറാം നൂറ്റാണ്ടിൽ നിരവധി ആശയധാരകൾ രൂപപ്പെട്ടു. അവയിൽ ഒന്നായിരുന്നു ഭൗതികവാദം. അജിത കേശകംബളിൻ ആയിരുന്നു ഈ ചിന്താധാരയുടെ പ്രചാരകൻ. അദ്ദേഹം ബുദ്ധന്റെ സമകാലീനനായിരുന്നു. എല്ലാ മതാനുഷ്ഠാനങ്ങളും അർഥശൂന്യമാണെന്നും ഇഹലോകം, പരലോകം എന്നിവയില്ലെന്നും ഇവർ അഭിപ്രായപ്പെട്ടു. ഭൗതികവാദികൾ ഇങ്ങനെ പറഞ്ഞു, 'മനുഷ്യർ നാലുഘടകങ്ങളാൽ നിർമ്മിതമാണ്. അവർ മരിക്കുമ്പോൾ അവരിലെ ഖരാംശം ഭൂമിയിൽ ലയിക്കുന്നു. ദ്രവാംശം വെള്ളത്തിലും ചൂട് തീയിലും ശ്വാസം വായുവിലും ഇന്ദ്രിയങ്ങൾ ശൂന്യാന്തരീക്ഷത്തിലും ലയിക്കുന്നു.'

➤ ഇവരെ ഭൗതികവാദികൾ എന്ന് വിശേഷിപ്പിക്കുന്നത് എന്തുകൊണ്ടായിരിക്കും?

പുതിയ ആശയങ്ങളുടെയും മതങ്ങളുടെയും രൂപീകരണവുമായി ബന്ധപ്പെട്ട സ്ഥലങ്ങളെ ഉൾപ്പെടുത്തി ഒരു വെർച്വൽ ടൂർ റിപ്പോർട്ട് തയ്യാറാക്കുക.

## മഹാജനപദങ്ങൾ അഥവാ ആദ്യകാല രാഷ്ട്രങ്ങൾ

> ...അത്തരത്തിൽ കൂടിച്ചേർന്ന് ചർച്ചചെയ്ത് തീരുമാനങ്ങൾ എടുക്കുന്ന കാലത്തോളം; ഒന്നിച്ചു പ്രവർത്തിക്കുന്ന കാലത്തോളം; മുതിർന്നവരെ ബഹുമാനിക്കുകയും പിന്തുണയ്ക്കുകയും ശ്രദ്ധയോടെ കേൾക്കുകയും ചെയ്യുന്നിടത്തോളം; വജ്ജിയിലെ സ്ത്രീകൾ സ്വതന്ത്രരായി ജീവിക്കുന്ന കാലത്തോളം; ഗ്രാമങ്ങളിലും നഗരങ്ങളിലുമുള്ള ആരാധനാലയങ്ങൾ നിലനിൽക്കുന്ന കാലത്തോളം; വ്യത്യസ്ത വിശ്വാസങ്ങൾ പിന്തുടരുന്നവർക്ക് അവിടെ സ്വതന്ത്രമായി സഞ്ചരിക്കാൻ കഴിയുന്നിടത്തോളം; അവർ ബഹുമാനിക്കപ്പെടുന്ന കാലത്തോളം, വജ്ജി നിലനിൽക്കും.

ഏകദേശം 2300 വർഷങ്ങൾക്കു മുമ്പ് രചിക്കപ്പെട്ട ബുദ്ധകൃതിയായ, 'ദിഘനികായ'യിൽ വജ്ജി എന്ന രാഷ്ട്രത്തെപ്പറ്റി (മഹാജനപദം) ബുദ്ധൻ പറഞ്ഞകാര്യങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. അക്കാലത്തെ വജ്ജിയിലെ ഭരണസമ്പ്രദായങ്ങളെപ്പറ്റി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ നിന്ന് നമുക്ക് അറിയാൻ കഴിയുന്നത്?

| |
|---|
| • കൂടിച്ചേർന്ന് ചർച്ചചെയ്ത് തീരുമാനങ്ങൾ കൈകൊണ്ടിരുന്നു |
| • |
| • |
| • |
| • |
| • |

### ജനപദങ്ങൾ

'ജനപദം' എന്നാൽ ജനം അധിവസിച്ച സ്ഥലം എന്നാണ് അർഥം. തീ ഉപയോഗിച്ച് കാടുകൾ കത്തിച്ച് കൃഷിയിടങ്ങളും താമസമേഖലകളും രൂപപ്പെടുത്തി. അവിടെ ജനങ്ങൾ സ്ഥിരമായി താമസിച്ചു. ഇങ്ങനെയാണ് ജനപദങ്ങൾ നിലവിൽവന്നത്. പിൽക്കാല വേദങ്ങളിൽ വിവിധ ജനപദങ്ങളെപറ്റി പരാമർശിക്കുന്നുണ്ട്.

ബി.സി.ഇ. ആറാം നൂറ്റാണ്ടിൽ ഇന്ത്യയിൽ ഉണ്ടായിരുന്ന നിരവധി രാഷ്ട്രങ്ങളിൽ ഒന്നായിരുന്നു വജ്ജി. ഈ രാഷ്ട്രങ്ങളുടെ രൂപീകരണം എങ്ങനെയായിരുന്നുവെന്ന് പരിശോധിക്കാം.

വേദകാലഘട്ടത്തിൽ ഗോത്രസമൂഹവ്യവസ്ഥയാണ് നിലനിന്നിരുന്നത്. അവ 'ജന' എന്നാണ് അറിയപ്പെട്ടത്. കൃഷി വ്യാപകമായതോടെ ഈ ഗോത്രസമൂഹങ്ങൾ ഒരിടത്ത് സ്ഥിരമായി താമസിക്കാൻ തുടങ്ങി. ഇവ 'ജനപദങ്ങൾ' എന്നറിയപ്പെട്ടു.

ജനപദങ്ങളിലെ കാർഷിക മിച്ചോൽപാദനം കച്ചവടത്തിന്റെയും നഗരങ്ങളുടെയും വളർച്ചയിലേക്ക് നയിച്ചു. കച്ചവടത്തോടൊപ്പം വ്യത്യസ്ത കരകൗശലവസ്തുക്കളുടെ നിർമ്മാണകേന്ദ്രങ്ങളായി നഗരങ്ങൾ മാറി. ഇത്തരത്തിലുള്ള വ്യത്യസ്തമായ സാമ്പത്തിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും ക്രമപ്പെടുത്താനും ചില നിയന്ത്രണങ്ങൾ ആവിശ്യമായിരുന്നു. ഈ പശ്ചാത്തലത്തിൽ ഗോത്രങ്ങളെ അടിസ്ഥാനമാക്കിയ ഭരണവ്യവസ്ഥ അപ്രത്യക്ഷമായി.

ST-203-3-SOC. SCI-I (M)-9-VOL-1

### നഗരങ്ങൾ


ദീർഘനാളത്തെ യാത്ര കഴിഞ്ഞ് ബുദ്ധനും ശിഷ്യനായ ആനന്ദനും കുശിനഗരത്തിൽ എത്തിച്ചേർന്നു. നിരവധി കാര്യങ്ങൾ സംസാരിച്ച കൂട്ടത്തിൽ ബുദ്ധന്റെ നിർവാണവും കടന്നുവന്നു. കാട്ടിനുള്ളിലെ മൺകുടിലുകൾ മാത്രമുള്ള കുശിനഗരത്തിൽ വച്ച് മരണത്തെ വരിക്കരുതെന്നും ചമ്പ, രാജഗൃഹ, ശ്രാവസ്തി, സാകേത, കൗസാംബി, വാരണാസി തുടങ്ങിയ വലിയ നഗരങ്ങളായിരിക്കണം അന്ത്യശ്വാസത്തിനായി തിരഞ്ഞെടുക്കേണ്ടതെന്നും ആനന്ദൻ അഭിപ്രായപ്പെട്ടു. ബുദ്ധകൃതിയായ 'ദിഘനികായയി'ലെ ഈ വിവരണത്തിൽ നിന്ന് എന്തൊക്കെ കാര്യങ്ങളാണ് നിങ്ങൾ മനസ്സിലാക്കിയത്?

കൃഷിയോടും മണ്ണിനോടുമുള്ള ഇഴപിരിയാത്ത ബന്ധം ഇക്കാലത്ത് വളർന്നുവന്നു. ഇത് അവരവരുടെ പ്രദേശം എന്ന കാഴ്ചപ്പാട് രൂപപ്പെടുത്തി. ഇങ്ങനെയാണ് രാഷ്ട്രരൂപീകരണം യാഥാർഥ്യമായിത്തീർന്നത്. ബുദ്ധകൃതിയായ 'അംഗുത്തരനികായ'യിൽ ഇത്തരത്തിൽ നിലവിൽ വന്ന 16 രാഷ്ട്രങ്ങളെപ്പറ്റി പറയുന്നുണ്ട്. ഇവ 'മഹാജനപദങ്ങൾ' എന്നാണ് അറിയപ്പെട്ടത്. മേൽ വിവരിച്ച മാറ്റങ്ങളെ ചരിത്രകാരർ 'രണ്ടാം നഗരവൽക്കരണം' എന്നാണ് വിശേഷിപ്പിക്കുന്നത്.

ചുവടെ കൊടുത്തിരിക്കുന്ന ഭൂപടത്തിൽ നിന്ന് 16 മഹാജനപദങ്ങളെ കണ്ടെത്തി പട്ടികപ്പെടുത്തുക.

ഭൂപടം 1

16 മഹാജനപദങ്ങൾ




| | | |
|---|---|---|
| • | • | • |
| • | • | • |
| • | • | • |
| • | • | • |
| • | • | |
| • | • | |

## മഹാജനപദങ്ങളിലെ ഭരണസംവിധാനം

സമകാലികകൃതികൾ മഹാജനപദങ്ങളിലെ ഭരണസമ്പ്രദായത്തെക്കുറിച്ച് ചില വിവരങ്ങൾ നൽകുന്നുണ്ട്. അക്കാലത്ത് കാര്യക്ഷമമായ നികുതിപിരിവ് സമ്പ്രദായവും സ്ഥിര സൈന്യവും നിലവിൽവന്നു. പാലി ഭാഷയിൽ രചിക്കപ്പെട്ട ഗ്രന്ഥങ്ങളിൽ കാണുന്ന 'ബലി' എന്ന പദം നികുതിയെയാണ് അർഥമാക്കുന്നത്. 'ഭാഗ' എന്നത് മറ്റൊരുതരം നികുതിയായിരുന്നു. ധാന്യങ്ങൾ, കന്നുകാലികൾ എന്നിവയായിരുന്നു മുഖ്യമായും നികുതിയായി നൽകിയിരുന്നത്. വനങ്ങളിൽ താമസിച്ചിരുന്നവർ വനവിഭവങ്ങൾ നികുതിയായി നൽകിയപ്പോൾ കരകൗശലത്തൊഴിലാളികൾ നിശ്ചിതദിവസം രാജാവിനായി ജോലിചെയ്തു.

ഭരണനിർവഹണത്തിനായി ധാരാളം ഉദ്യോഗസ്ഥർ ഉണ്ടായിരുന്നു. 'ശതപഥബ്രാഹ്മണ' എന്ന കൃതിയിൽ രാജാവിനെ സഹായിച്ചിരുന്ന സേനാനി, പുരോഹിതൻ, ഗ്രാമണി എന്നിവരെ പരാമർശിക്കുന്നുണ്ട്. മഹാജനപദങ്ങൾക്ക് കോട്ടകളും തലസ്ഥാനനഗരികളും ഉണ്ടായിരുന്നു.



കൗസാംബിയിലെ മതിൽ (വത്സ മഹാജനപദത്തിന്റെ തലസ്ഥാനം)

ഗോത്രരാഷ്ട്രീയവ്യവസ്ഥയിൽ നിന്ന് മഹാജനപദങ്ങളിലേക്കുള്ള വളർച്ചയുടെ വിവിധ ഘട്ടങ്ങൾ അവയുടെ സവിശേഷതകൾ എന്നിവ കണ്ടെത്തി ചർച്ച ചെയ്യുക.

## മഗധയുടെ വളർച്ച

പതിനാറ് മഹാജനപദങ്ങൾ തമ്മിൽ അധികാരത്തിനുവേണ്ടി നിരന്തരം യുദ്ധങ്ങളിൽ ഏർപ്പെട്ടിരുന്നു. ഇതിൽ അന്തിമമായി വിജയിച്ചതു മഗധയായിരുന്നു. ഭൂപടത്തിൽ (1) നിന്ന് മഗധയുടെ സ്ഥാനം കണ്ടെത്തുക. മഗധ ഇന്നത്തെ ഏത് സംസ്ഥാനത്തിൽ ഉൾപ്പെടുന്ന പ്രദേശമായിരുന്നുവെന്ന് കണ്ടെത്താൻ സാധിക്കുമോ?

നല്ല മഴ ലഭിക്കുന്ന ഉൽപാദനക്ഷമതയുള്ള പ്രദേശമായിരുന്നു മഗധ. കൂടാതെ ധാരാളം ഇരുമ്പയിര് നിക്ഷേപവും ഉണ്ടായിരുന്നു. അതിനാൽ ഉപകരണങ്ങൾക്കും ആയുധങ്ങൾക്കും ആവശ്യമായ ഇരുമ്പ് അവിടെത്തന്നെ ലഭ്യമായി. അക്കാലത്ത് യുദ്ധങ്ങളിൽ ആനകൾ പ്രധാന ഘടകമായിരുന്നു. മഗധയിലെ വനങ്ങളിൽ ആനകൾ യഥേഷ്ടം ഉണ്ടായിരുന്നു. ഇത് മഗധയുടെ യുദ്ധവിജയം ഉറപ്പാക്കി. ഗംഗയും അതിന്റെ പോഷകനദികളും ചരക്ക് ഗതാഗതസൗകര്യങ്ങൾ ഉറപ്പുവരുത്തുകയും ചെയ്തു. ബിംബിസാരൻ, അജാതശത്രു തുടങ്ങിയ കഴിവുറ്റ ഭരണാധികാരികളും മഗധയിൽ ഉണ്ടായിരുന്നു.

### മഗധയിലെ രാജവംശങ്ങളും പ്രധാന രാജാക്കന്മാരും

- ഹര്യങ്ക രാജവംശം - ബിംബിസാരൻ, അജാതശത്രു
- ശിശുനാഗ രാജവംശം - ശിശുനാഗൻ
- നന്ദരാജവംശം - മഹാപത്മനന്ദൻ

ഭൂമിശാസ്ത്രസവിശേഷതകൾ മഗധയുടെ വളർച്ചയിൽ പ്രധാന കാരണമായിരുന്നുവെന്ന് നിങ്ങൾ കരുതുന്നുണ്ടോ?എന്തുകൊണ്ട്?

## മഗധയിൽ നിന്ന് മൗര്യരാജ്യത്തിലേക്ക്

മഗധയിൽ വിവിധ രാജവംശങ്ങൾ ഭരണം നടത്തിയിരുന്നു. അവയിൽ നന്ദവംശത്തിലെ അവസാനത്തെ ഭരണാധികാരിയായിരുന്ന ധനനന്ദനെ പരാജയപ്പെടുത്തി ബി.സി.ഇ 321 ൽ ചന്ദ്രഗുപ്തമൗര്യൻ മൗര്യരാജ്യം സ്ഥാപിച്ചു.

*ഇത് മനോഹരമായ വലിയ നഗരമാണ്. ഈ നഗരത്തെ ചുറ്റി വലിയൊരു മതിലുണ്ട്. ഇതിന് 64 പ്രവേശനകവാടങ്ങളും ധാരാളം ഗോപുരങ്ങളുമുണ്ട്. രണ്ടും മൂന്നും നിലകളുള്ള വീടുകൾ നിർമ്മിച്ചിരിക്കുന്നത് മരവും ചെളിക്കട്ടകളും ഉപയോഗിച്ചാണ്. രാജാവിന്റെ കൊട്ടാരവും മരംകൊണ്ട് നിർമ്മിച്ചതാണ്.*

മൗര്യരാജ്യത്തിന്റെ തലസ്ഥാനമായ പാടലീപുത്രം (ഇന്നത്തെ പാറ്റ്ന) നഗരത്തെക്കുറിച്ച് മെഗസ്തനീസ് എന്ന ഗ്രീക്ക് രാജപ്രതിനിധിയുടെ വിവരണമാണ് മുകളിൽ നൽകിയിരിക്കുന്നത്. കൗടില്യൻ എഴുതിയ '*അർഥശാസ്ത്രം*', അശോക ചക്രവർത്തിയുടെ ലിഖിതങ്ങൾ, അക്കാലത്ത് പ്രചാരത്തിൽ ഉണ്ടായിരുന്ന നാണയങ്ങൾ തുടങ്ങിയവ മൗര്യരാജ്യത്തിന്റെ ചരിത്രപഠനത്തിനു സഹായിക്കുന്നു.


### അർഥശാസ്ത്രവും സപ്താംഗസിദ്ധാന്തവും



മൗര്യരാജ്യത്തെക്കുറിച്ച് വിവരങ്ങൾ നൽകുന്ന പ്രധാന ചരിത്രരേഖ കൂടിയാണ് കൗടില്യൻ രചിച്ച അർഥശാസ്ത്രം. മൈസൂരിലെ പുരാവസ്തു ഗ്രന്ഥശാലവിഭാഗത്തിന്റെ തലവനായിരുന്ന ആർ. ശ്യാമശാസ്ത്രിക്ക് തഞ്ചാവൂരിലെ ഒരു പണ്ഡിതനിൽ നിന്നാണ് അർഥശാസ്ത്രത്തിന്റെ കൈയെഴുത്തുപ്രതി ലഭിച്ചത്. 1907-ൽ ശ്യാമശാസ്ത്രി ഇത് പ്രസിദ്ധീകരിച്ചു. പതിനഞ്ച് അധ്യായങ്ങളാണ് ഈ കൃതിക്കുള്ളത്. ഏഴു ഘടകങ്ങളിൽ അഥവാ സപ്താംഗങ്ങളിൽ ഊന്നിയാണ് ഒരു രാജ്യം നിലനിൽക്കുന്നതെന്ന് അർഥശാസ്ത്രത്തിൽ പ്രതിപാദിക്കുന്നു.

- സ്വാമി - രാജാവ്
- അമാത്യർ - മന്ത്രിമാർ
- ജനപദം - ഭൂമേഖലയും ജനങ്ങളും
- ദുർഗം - കോട്ടകെട്ടി സംരക്ഷിച്ച സ്ഥലം
- കോശം - ഖജനാവ്
- ദണ്ഡ - നീതിന്യായം
- മിത്രം - സൗഹൃദരാജ്യങ്ങൾ


മൗര്യരാജ്യത്തിലെ ഏറ്റവും പ്രധാന ഭരണാധികാരി അശോക ചക്രവർത്തിയായിരുന്നു. അദ്ദേഹം കലിംഗം (ഇന്നത്തെ ഒഡീഷ) (ഭൂപടം 2 ശ്രദ്ധിക്കുക) ആക്രമിച്ച് കീഴടക്കിയതോടെ മൗര്യരാജ്യം വിശാലമായി. കലിംഗ യുദ്ധാനന്തരം അശോക ചക്രവർത്തി യുദ്ധങ്ങൾ ഉപേക്ഷിച്ചതായി ലിഖിതങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു.



റുമിൻദേയി (ലുംബിനി) ലിഖിതം

*'ബുദ്ധശാക്യമുനി ജനിച്ച ഈ സ്ഥലത്ത് ദേവാനാംപിയ പിയദസി കിരീടധാരണത്തിന് ഇരുപതുവർഷത്തിനുശേഷം നേരിട്ടു വന്ന് ആരാധനനടത്തി. ആ പുണ്യാത്മാവ് ജനിച്ച സ്ഥലമാണ് ഇത് എന്ന് അറിയിക്കുന്നതിനു വേണ്ടി ഇവിടെ കരിങ്കൽ മതിലിനാൽ ചുറ്റപ്പെട്ട സ്തൂപം സ്ഥാപിച്ചു. ലുംബിനിയിലുള്ള ആളുകളെ 'ബലി'യിൽ നിന്ന് ഒഴിവാക്കുകയും അവർ വിളവിന്റെ എട്ടിൽ ഒരു ഭാഗം $(\frac{1}{8})$ മാത്രം 'ഭാഗ'മായി കൊടുത്താൽ മതിയെന്നും തീരുമാനിക്കുകയും ചെയ്തു.'*

നേപ്പാളിലെ റുമിൻദേയിയിലെ (ലുംബിനി) ലിഖിതവും അതിന്റെ പരിഭാഷയുമാണ് മുകളിൽ നൽകിയിരിക്കുന്നത്.



ഈ ലിഖിതത്തിൽ നിന്ന് മൗര്യരാജ്യത്തെക്കുറിച്ച് എന്തൊക്കെ കാര്യങ്ങളാണ് നിങ്ങൾ മനസ്സിലാക്കിയത്?


- ......................................................................
- ......................................................................
- ......................................................................
- ......................................................................

### അശോകലിഖിതങ്ങൾ


അശോക ചക്രവർത്തിയുടേതായ ധാരാളം ശിലാലിഖിതങ്ങൾ ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ബ്രാഹ്മി, ഖരോഷ്ഠി, അരാമിക് ലിപികളിലാണ് ഇവ രചിച്ചിട്ടുള്ളത്. അശോക ലിഖിതങ്ങൾ ആദ്യമായി വായിച്ചത് 1838-ൽ ബ്രിട്ടീഷുകാരനായ ജെയിംസ് പ്രിൻസെപ്പ് ആണ്. ഭൂരിഭാഗം ലിഖിതങ്ങളിലും 'ദേവാനാംപിയ' (ദേവന്മാർക്ക് പ്രിയപ്പെട്ടവൻ) എന്നാണ് രാജാവിനെ പരാമർശിച്ചിരിക്കുന്നത്. എന്നാൽ കർണ്ണാടകയിലെ മാസ്കി, ഉദേഗുളം, നിട്ടൂർ എന്നിവിടങ്ങളിലെ ലിഖിതങ്ങളിൽ 'അശോക' എന്ന പേര് കാണാം.


ആധുനിക ഇന്ത്യയിൽ ഉപയോഗിക്കുന്ന ഭൂരിഭാഗം ലിഖിതഭാഷകളും ബ്രാഹ്മി ലിപിയിൽ നിന്ന് രൂപപ്പെട്ടതാണ്.


ബ്രാഹ്മി


ഹിന്ദി


ബംഗാളി


മലയാളം


തമിഴ്

## മൗര്യഭരണം

മൗര്യരാജ്യം വിശാലമായിരുന്നുവെന്ന് കണ്ടല്ലോ. ഇനി നമുക്ക് അവരുടെ ഭരണസംവിധാനം എങ്ങനെയായിരുന്നുവെന്ന് നോക്കാം.

ഭരണസൗകര്യത്തിനായി നമ്മുടെ രാജ്യത്തെ വിവിധ സംസ്ഥാനങ്ങളായി വിഭജിച്ചിട്ടുണ്ടല്ലോ. മാത്രമല്ല സംസ്ഥാനങ്ങൾക്കെല്ലാം തലസ്ഥാനങ്ങളുമുണ്ട്. മൗര്യരാജ്യവും ഇത്തരത്തിൽ വിവിധ പ്രവിശ്യകളായി വിഭജിച്ചിരുന്നു. ഇത്തരം പ്രവിശ്യകൾ ഗവർണ്ണർമാരുടെ നിയന്ത്രണത്തിൻ കീഴിലായിരുന്നു. തലസ്ഥാനമായ പാടലീപുത്രം ചക്രവർത്തിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലായിരുന്നു.

ഭൂപടം 2-ൽ നിന്ന് പ്രവിശ്യാ തലസ്ഥാനങ്ങൾ കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.

ഭൂപടം 2




▲ പ്രവിശ്യാതലസ്ഥാനങ്ങൾ


◈ രാജ്യതലസ്ഥാനം

| | |
|---|---|
| തെക്കൻ പ്രവിശ്യ | |
| പടിഞ്ഞാറൻ പ്രവിശ്യ | |
| വടക്കൻ പ്രവിശ്യ | |
| കിഴക്കൻ പ്രവിശ്യ | |

മൗര്യന്മാരുടെ സൈന്യത്തിന് അഞ്ചുവിഭാഗങ്ങൾ ഉണ്ടായിരുന്നു. കാലാൾപ്പട, കുതിരപ്പട, തേര്, ഗജസേന, നാവികസേന എന്നിവയായിരുന്നു അവ. സൈനിക ഭരണത്തിന്റെ ചുമതല 30 അംഗങ്ങളുള്ള സമിതിയാണ് നിർവഹിച്ചിരുന്നത്.

തന്റെ പ്രജകൾക്കിടയിൽ സഹവർത്തിത്വവും സമാധാനവും നിലനിർത്താൻ അശോക ചക്രവർത്തി പ്രചരിപ്പിച്ച ആശയങ്ങൾ 'അശോകധമ്മ' (ധർമ്മ) എന്നറിയപ്പെടുന്നു. അശോകന്റെ ശാസനങ്ങളിൽ നിന്നാണ് നമ്മൾ ഇതിനെക്കുറിച്ച് മനസ്സിലാക്കിയത്.

അശോകധമ്മയിലെ പ്രധാന ആശയങ്ങൾ താഴെക്കൊടുത്തിരിക്കുന്നു.




വിശാലമായ രാജ്യത്തിന്റെ കാര്യക്ഷമമായ ഭരണത്തിനും വിവിധ സാമൂഹികവിഭാഗങ്ങളെ യോജിപ്പിച്ച് നിർത്തുന്നതിനും വേണ്ടിയുള്ള നയമായിരുന്നു അശോകധമ്മയെന്ന് പ്രമുഖ ചരിത്രകാരിയായ റൊമില ഥാപർ അഭിപ്രായപ്പെടുന്നു.


റൊമില ഥാപർ



ഇന്നത്തെ ഇന്ത്യൻ ഭരണസംവിധാനത്തിലെ ഏതൊക്കെ സവിശേഷതകൾ മൗര്യഭരണ സമ്പ്രദായത്തിൽ കാണാൻ കഴിയും. ചർച്ച ചെയ്ത് താരതമ്യപ്പെടുത്തുക.



## കച്ചവടത്തിന്റെ വളർച്ച

ഇന്ത്യയിൽ പ്രചാരത്തിലുണ്ടായിരുന്ന ആദ്യകാല നാണയങ്ങളാണ് ചിത്രത്തിൽ കാണുന്നത്. ഇവ മുദ്രാങ്കിത നാണയങ്ങൾ (Punch Marked Coins) എന്നറിയപ്പെടുന്നു. വെള്ളിയിലും ചെമ്പിലുമാണ് ഇവ നിർമ്മിച്ചിരിക്കുന്നത്. കച്ചവടത്തിനായി നാണയങ്ങൾ ഉപയോഗിച്ചിരുന്നു എന്നതിന് തെളിവാണിവ.




കരവഴിയും കടൽവഴിയും നദികൾ വഴിയും സാധനങ്ങൾ കൊണ്ടുപോയിരുന്നു. ധാന്യങ്ങൾ, തുണിത്തരങ്ങൾ, ലോഹം തുടങ്ങിയവയായിരുന്നു പ്രധാന കച്ചവടവസ്തുക്കൾ. അക്കാലത്തെ പുസ്തകങ്ങളിൽ പരാമർശിക്കുന്ന 'സേത്ത്', 'സാത്തവാഹകർ' എന്നീ പദങ്ങൾ കച്ചവടക്കാരെയാണ് സൂചിപ്പിക്കുന്നത്.


ഭൂപടം നിരീക്ഷിച്ച് ഏതൊക്കെ പ്രദേശങ്ങളിലൂടെയാണ് കച്ചവടം നടന്നതെന്ന് കണ്ടെത്തി രേഖപ്പെടുത്തുക.

ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ മഹാജനപദങ്ങൾ രൂപംകൊണ്ട പശ്ചാത്തലവും അത് പിന്നീട് മൗര്യരാജ്യമായി പരിണമിച്ച കാര്യങ്ങളുമാണല്ലോ ഇതുവരെ ചർച്ചചെയ്തത്. അതേ കാലത്ത് സമാനമായ രാഷ്ട്രീയമാറ്റങ്ങൾക്ക് സാക്ഷ്യംവഹിച്ച മറ്റൊരുമേഖല തെക്കുകിഴക്കൻ യൂറോപ്പിലെ ഗ്രീസ് ആയിരുന്നു.

## രാഷ്ട്രരൂപീകരണം ഗ്രീസിൽ

ചുവടെ നൽകിയിരിക്കുന്ന ഭൂപടത്തിൽ നിന്ന് ഗ്രീസിന്റെ സ്ഥാനം കണ്ടെത്തൂ.

ഭൂപടം 4




ഗ്രീസിൽ പൊതുസുരക്ഷയ്ക്കും ഭരണത്തിനുമായി ഗ്രാമങ്ങൾ ഒന്നിച്ചുനിന്നു. അവ നഗരരാഷ്ട്രങ്ങൾ എന്നറിയപ്പെട്ടു. ഒരു നഗരവും ചുറ്റുമുള്ള കാർഷിക ഗ്രാമങ്ങളും ഉൾപ്പെട്ടതായിരുന്നു ഒരു നഗരരാഷ്ട്രം. കുന്നുകളും പർവതങ്ങളും ഈ നഗരരാഷ്ട്രങ്ങൾക്ക് പ്രകൃതിദത്തമായ അതിർത്തികൾ നൽകി. ചില നഗര രാഷ്ട്രങ്ങൾ ദ്വീപുകളായിരുന്നു. ഉയർന്ന കുന്നുകൾക്ക് മീതെയായിരുന്നു നഗരരാഷ്ട്രങ്ങളുടെ തലസ്ഥാനം. ഏതൻസ്, സ്പാർട്ട, കൊറിന്ത്, തീബ്സ് എന്നിവയായിരുന്നു ഗ്രീസിലെ പ്രധാന നഗരരാഷ്ട്രങ്ങൾ.

## ജനാധിപത്യ വഴിയിലെ ഏതൻസ്

രണ്ടായിരത്തി അഞ്ഞൂറുവർഷങ്ങൾക്ക് മുമ്പ് ഗ്രീസിലെ ഏതൻസിൽ നിലനിന്നിരുന്ന ഭരണസമ്പ്രദായം ആധുനിക ജനാധിപത്യത്തോട് സാമ്യ മുള്ള ഒന്നായിരുന്നു. ഇത് മറ്റു നഗരരാഷ്ട്രങ്ങളിലെ ഭരണരീതിയിൽ നിന്ന് വ്യത്യസ്തമായിരുന്നു. അടിമകൾ അല്ലാത്ത 30 വയസ്സുള്ള എല്ലാ പുരുഷന്മാ രെയും പൗരന്മാരായി കണക്കാക്കിയിരുന്നു. ഈ പൗരന്മാർ ഉൾപ്പെട്ട ഒരു


സമിതിയായിരുന്നു പ്രധാനകാര്യങ്ങളിൽ തീരുമാനം കൈകൊണ്ടിരുന്നത്. ഇതിനായി വർഷത്തിൽ നാലുതവണ ഇവർ യോഗം ചേർന്നിരുന്നു. സ്ത്രീകൾ, കരകൗശലത്തൊഴിലാളികൾ, കച്ചവടക്കാരായി പ്രവർത്തിച്ചിരുന്ന വിദേശികൾ തുടങ്ങിയവരെ പൗരരായി കണക്കാക്കിയിരുന്നില്ല.

മധ്യധരണ്യാഴി (Mediterranean sea) പ്രദേശത്തെ കച്ചവടത്തിന്റെ പ്രധാനകേന്ദ്രം എന്ന നിലയിൽ ഏതൻസ് സമ്പന്നമായ നഗരരാഷ്ട്രമായിരുന്നു. കപ്പൽ നിർമ്മാണത്തിലും കടൽയാത്രയിലും വൈദഗ്ധ്യമുള്ള നിരവധിപേർ ഏതൻസിൽ ഉണ്ടായിരുന്നു. സമീപ പ്രദേശങ്ങളിൽ നിരന്തരം സഞ്ചരിച്ച ഇവർ പുത്തൻ ആശയങ്ങളെയും നൈപുണികളെയും സ്വീകരിച്ചു. മറ്റ് പ്രദേശങ്ങളിൽ നിന്ന് നിരവധി ചിന്തകർ ഏതൻസിലേക്ക് ആകർഷിക്കപ്പെട്ടു. സോഫിസ്റ്റുകൾ എന്നാണ് ഇവർ അറിയപ്പെട്ടത്. ഇത്തരത്തിൽ ഏതൻസിൽ എത്തിച്ചേർന്ന ചിന്തകരിൽ ഒരാളാണ് ചരിത്രത്തിന്റെ പിതാവായി കണക്കാക്കുന്ന ഹെറോഡോട്ടസ്.

ഏതൻസിലെ ഭരണസംവിധാനം ആധുനിക ജനാധിപത്യത്തിൽ നിന്ന് ഏതൊക്കെ കാര്യങ്ങളിൽ വ്യത്യസ്തമായിരുന്നു?

മഹാജനപദങ്ങളെയും ഗ്രീസിലെ നഗരരാഷ്ട്രങ്ങളെയും തമ്മിൽ താരതമ്യം ചെയ്യുക.

ബി.സി.ഇ. ആറാം നൂറ്റാണ്ട് ചരിത്രത്തിൽ സുപ്രധാനമായ മാറ്റങ്ങൾക്ക് സാക്ഷ്യംവഹിച്ച കാലമായിരുന്നു. ജനജീവിതത്തിന്റെ വിവിധ മേഖലകളിൽ അക്കാലത്ത് മാറ്റങ്ങളുണ്ടായി. ഭൗതികജീവിതത്തിലെ മാറ്റങ്ങൾ രാഷ്ട്രീയ രംഗത്തും ചിന്താമണ്ഡലത്തിലും പ്രതിഫലിച്ചു. അങ്ങനെയാണ് അക്കാലത്ത് പുത്തൻ ആശയങ്ങൾ രൂപപ്പെട്ടത്. ഇവ പിൽക്കാല മാനവചരിത്രത്തെ നിർണ്ണായകമായി സ്വാധീനിക്കുകയും ചെയ്തിട്ടുണ്ട്.


ബി.സി.ഇ. ആറാം നൂറ്റാണ്ട്
ഭൗതികരംഗത്തെ മാറ്റങ്ങൾ
ആശയധാരയിലെ മാറ്റങ്ങൾ
ബുദ്ധമതം
ജൈനമതം
ഭൗതികവാദം
ഇരുമ്പ് ഉപകരണങ്ങളുടെ ഉപയോഗം
രാഷ്ട്രരൂപീകരണം
കാർഷികപുരോഗതി
മിച്ചോൽപാദനം
കച്ചവടം
നഗരങ്ങൾ
ജനപദങ്ങൾ
മഹാജനപദങ്ങൾ
മഗധ
മൗര്യരാജ്യം
ഗ്രീസിലെ നഗര രാഷ്ട്രങ്ങൾ
അലക്സാണ്ടറുടെ സാമ്രാജ്യം

## തുടർപ്രവർത്തനങ്ങൾ

- ബി.സി.ഇ. 6-ാം നൂറ്റാണ്ടിൽ പുതിയ ആശയങ്ങൾ പ്രചരിപ്പിച്ച ചിന്തകരുടെ ജീവിതത്തെ ആസ്പദമാക്കി ലഘു ജീവചരിത്രപുസ്തകം തയ്യാറാക്കുക. ചിത്രങ്ങൾ ഉൾപ്പെടുത്തി അവ മനോഹരമാക്കുക.
- 'ജനപദങ്ങൾ മുതൽ മൗര്യരാജ്യം വരെ' എന്ന വിഷയത്തിൽ ഭൂപടങ്ങൾ ഉൾപ്പെടുത്തി ഒരു ഡിജിറ്റൽ പ്രസന്റേഷൻ തയ്യാറാക്കുക.
- 'ആശയധാരകളും രാഷ്ട്രരൂപീകരണവും' എന്ന വിഷയത്തിൽ ഒരു പ്രശ്നോത്തരി സംഘടിപ്പിക്കുക.